# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : 03.12.2025 മുതൽ 07.12.2025 വരെ)

# കോഴിക്കോട്ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻനമ്പർ: പിലിക്കോട്/ കെ.കെ.ഡി. - 96/2025 | തീയ്യതി: 02/12/2025 |
|---|---|

## എ.പിന്നിട്ട അഞ്ച് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 16.4 | 32.2– 33.8 | 22.6 – 25.6 | 62 – 87 | 00 – 04 |

## ബി.വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ളകാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 03-12-2025 | 04-12-2025 | 05-12-2025 | 06-12-2025 | 07-12-2025 |
|---|---|---|---|---|---|
| മഴ, മി.മീ | 0.1 | 2 | 4 | 2 | 0.3 |
| കൂടിയതാപനില, °C | 33 | 33 | 33 | 33 | 33 |
| കുറഞ്ഞതാപനില, °C | 25 | 25 | 25 | 25 | 25 |
| കൂടിയആപേക്ഷികആർദ്രത, % | 85 | 85 | 85 | 85 | 85 |
| കുറഞ്ഞആപേക്ഷികആർദ്രത, % | 75 | 75 | 75 | 75 | 75 |
| കാറ്റിന്റെവേഗത, കി.മീ/മണിക്കൂർ | 270 | 200 | 230 | 290 | 270 |
| കാറ്റിന്റെദിശ, ഡിഗ്രി | 3 | 3 | 3 | 3 | 4 |
| മേഘവിന്യാസം, ഒക്ടാ | 6 | 6 | 8 | 8 | 7 |

## സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷികനിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | **നേരിയ മഴ **** | | |
| | ഉയർന്ന അന്തരീക്ഷ ആർദ്രത അനുഭവപ്പെടും. ആകാശം പൊതുവേ ഭാഗീകമായോ പൂർണമായോ മേഘാവൃതമായിരിക്കും .പകൽ സമയത്ത് അന്തരീക്ഷ താപനില കൂടുതലായിരിക്കും | | |
| അപായ സൂചന | ഡിസംബർ03 മുതൽ 07വരെ നേരിയ മഴയ്ക്ക് സാധ്യത. | | |
| **ആഘാതം** | നേർത്ത തണ്ടുള്ള പഴങ്ങളും പച്ചക്കറികളും ഒടിഞ്ഞു വീഴാനുള്ള സാധ്യത.<br>വെയിലത്തിട്ടുണക്കുന്ന വിത്തുകൾ, റബ്ബർ, കശുവണ്ടി മുതലായവ നശിച്ചുപോവുകയോ ഗുണനിലവാരം കുറഞ്ഞു പോവുകയോ ചെയ്യുക, കാലി/കോഴി തേറ്റകൾ എന്നിവ പിക്ക് പൂപ്പൽ പിടിക്കുക മുതലായവ<br>പകൽ സമയത്തെ ഉയർന്ന താപനില മണ്ണിൽ നിന്ന് ഉയർന്ന തോതിൽ ജലനഷ്ടം ഉണ്ടാകാൻ കാരണമാകും.<br>സൂര്യപ്രകാശം നേരിട്ട് ഏൽക്കുന്നത് മൃഗങ്ങൾക്ക് പരിക്കേൽക്കാൻ കാരണമാകും. | | |
| **പൊതുനിർദ്ദേശങ്ങൾ** | വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര ഉല്പന്നങ്ങൾ ശ്രദ്ധാപൂർവം വെയിലത്തിട്ടുണക്കുക.<br>മൃദു കാണ്ഡ വിളകളായ വാഴ, പച്ചക്കറികൾ, താങ്ങുകൾ ആവശ്യമുള്ള കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയ്ക്ക് ശക്തമായ താങ്ങുകൾ നൽകുക.<br>മണ്ണിൽ നിന്നും ജലനഷ്ടം ഉണ്ടാകാതിരിക്കാൻ വിളകൾക്ക് പുതയിടുക . മുൻകരുതലായി പച്ചക്കറിവിളകൾക്കു ഷെയ്ഡ് നെറ്റ് ഉപയോഗിച്ച് തണൽ നൽകുകയും ജലസേചനം ഉറപ്പാക്കുകയും ചെയ്യുക<br>മൃഗങ്ങളെ കൂടുതൽ നേരം തുറസ്സായ സ്ഥലത്ത് കെട്ടിയിടരുത്. അവയ്ക്ക് ആവശ്യത്തിന് വെള്ളം നൽകുക. | | |

| | | | |
|---|---|---|---|
| തെങ്ങ് | വിവിധ ഘട്ടം | കടചീയൽ<br> | ഹെക്സാകോണസോൾ 25 മില്ലി/25 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തടത്തിൽ ഒഴിച്ച് കൊടുക്കുക.<br>ഒരാഴ്ചയ്ക്ക് ശേഷം കുമ്മായം 2 കിലോ ഒരു തെങ്ങിന് എന്ന തോതിൽ നൽകുക.<br>വീണ്ടും മൂന്നാഴ്ചയ്ക്ക് ശേഷം, പ്രതിരോധ ശേഷി വർധിപ്പിക്കാൻ പൊട്ടാഷ് 1 കിലോ ഒരു തെങ്ങിന് എന്ന തോതിൽ അധികമായി നൽകുക. |
| കശുമാവ് | തളിരിടുന്ന ഘട്ടം | തേയില കൊതുക്<br> | ആക്രമണം കണ്ടാൽ മാത്രം നിയന്ത്രണ നടപടികൾ സ്വീകരിക്കുക (പുതുതായി രൂപപ്പെട്ട മെലിഞ്ഞ ചില്ലകളിൽ ചുരണ്ടിയ അടയാളങ്ങൾ ഉണ്ടെങ്കിൽ മാത്രം). ആക്രമണം ശ്രദ്ധയിൽപ്പെട്ടാൽ ലാംഡ സൈഹാലോത്രിൻ + കോപ്പർ ഓക്സി ക്ലോറൈഡ്<br>(@ ലാംഡ സൈഹാലോത്രിൻ 0.6 മില്ലി + കോപ്പർ ഓക്സി ക്ലോറൈഡ് 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ) തളിക്കുക. |
| വഴുതന | കായ പിടിക്കുന്ന ഘട്ടം | തണ്ടുതുരപ്പൻ<br> | കീടം ആക്രമിച്ച ഭാഗങ്ങൾ നശിപ്പിക്കുക. ക്ലോറാൻട്രെനിലിപ്രോൾ (കൊറാജെൻ) 3 മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. തളിക്കുമ്പോൾ പാടത്തിന്റെ പുറത്തു നിന്നും ഉള്ളിലേക്ക് എന്ന രീതിയിൽ തളിക്കാൻ ശ്രദ്ധിക്കുക. |
| വെള്ളരി വർഗ്ഗ വിള | കായ പിടിക്കുന്ന ഘട്ടം | കായീച്ച<br> | തോട്ടങ്ങളിൽ ഫിറമോൺ കെണികൾ സ്ഥാപിക്കുക.<br>2 മില്ലി മാലത്തിയോൺ കീടനാശിനി ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് ഈച്ചകളെ ആകർഷിക്കുന്നതിനായി 10 ഗ്രാം ശർക്കര കൂടി ചേർത്തിളക്കി ഇലകളുടെ അടിവശങ്ങളിൽ തളിക്കുക. |
| തക്കാളി | വളർച്ചാ ഘട്ടം | വാട്ടം<br> | റെഡോമിൽ രണ്ടു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിക്കുക<br>അല്ലെങ്കിൽ<br>അകോമിൻ 2 മില്ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിക്കുക |
| പച്ചക്കറി വിളകൾ | വിവിധ ഘട്ടം | പട്ടാള പുഴു<br> | പുഴുക്കളെ കൈകൊണ്ട് പറിച്ചെടുത്ത് നശിപ്പിക്കുക. ആവണക്ക്, തക്കാളി എനിവയിൽ നിന്നും പുഴുക്കളുടെ മുട്ടകൾ നീക്കം ചെയ്ത് നശിപ്പിക്കുക.<br>ക്ലോർപൈറിഫോസ് 2 ലി/ഹെക്ടർ എന്ന തോതിൽ തളിക്കുക. |

**മഴ അപായ വർണ്ണ സൂചന (ദുരന്തനിവാരണത്തിനായ്)

| | | | |
|---|---|---|---|
| താക്കീത്<br>(ഉടൻനടപടിയെടുക്കുക) | ജാഗ്രത<br>(തയ്യാറാവുക) | ശ്രദ്ധ<br>(കാതോർക്കുക) | നിസ്സാരം<br>(നടപടികൾആവശ്യമില്ല) |

ഒപ്പ്/-
നോഡൽ ഓഫീസര്
ഗ്രാമീണകൃഷികാലാവസ്ഥസേവപദ്ധതി